# INDIAN SCHOOL AL MAABELA
## (ISO 9001:2015 CERTIFIED INSTITUTION)
## SAMPLE QUESTION PAPPER - 2019- 2020
## MALAYALAM 2nd LANGUAGE

***ISAM/FR/MDL/QP/02***
**Class: VI**
**Date: /09 /2019**

**Max. Marks: 80**
**Time: 3 Hours**

*<u>General Instructions:</u>*
*The question paper is divided into four sections:*

| | | | | |
|---|---|---|---|---|
| *Section A* | : | *Reading Comprehension* | : | *10 Marks* |
| *Section B* | : | *Writing* | : | *12 Marks* |
| *Section C* | : | *Grammar* | : | *26 Marks* |
| *Section D* | : | *Literature* | : | *32 Marks* |

### എ - വിഭാഗം / *Section A*

I **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതുക.**

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. ഒരു സമൂഹത്തിൽ വസിക്കുമ്പോൾ നാം പാലിക്കേണ്ട ചില മര്യാദകളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് അഭിവാദനം. സാധാരണയായി പരിചയമുള്ളവർ തമ്മിൽ കണ്ടു മുട്ടുമ്പോൾ അവർ പരസ്പരം കൈ പിടിച്ചു കുലുക്കി സ്നേഹം കാട്ടുന്നു. മലയാളികളായ നമ്മൾ "നമസ്തേ" എന്നു പറഞ്ഞ് തമ്മിൽ തമ്മിൽ കൈ കൂപ്പിയാണ് ബഹുമാനവും സ്നേഹവും പ്രകടിപ്പിക്കുന്നത്. കുട്ടികളായ നമ്മൾ സ്കൂളിലെത്തിയാലുടൻ കൂട്ടുകാരോട് നമസ്തേ പറയണം. കൂട്ടുകാർ ആരെങ്കിലും നമസ്തേ പറഞ്ഞാൽ നിങ്ങളും തിരിച്ച് അഭിവാദ്യം ചെയ്യണം. ഗുരുനാഥന്മാരെ തീർച്ചയായും അഭിവാദ്യം ചെയ്യണം. ഒപ്പം തൊഴാനും മറക്കരുത്. ഈ ആചാര്യമര്യാദകളിൽക്കൂടി അവരുടെ അനുഗ്രഹവും സ്നേഹവും നിങ്ങൾക്ക് ലഭിക്കുന്നു. മുതിർന്നവരെ കാണുമ്പോൾ എഴുന്നേൽക്കുകയും, മാതാപിതാക്കളെ എന്ന പോലെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണം. നിങ്ങൾക്കറിവില്ലാത്തത് മുതിർന്നവർ പറഞ്ഞു തരുമ്പോൾ അവരോട് ദേഷ്യപ്പെടരുത്. ഓർക്കുക മറ്റുള്ളവർ നമ്മെ വിലയിരുത്തുന്നത് നമ്മുടെ സ്വഭാവഗുണങ്ങളിലൂടെയാണ്.

1 ഉചിതമായ ശീർഷകം നൽകുക ? 2

2 ഗുരുനാഥന്മാരോടുള്ള ആചാര്യമര്യാദകളിലൂടെ നമുക്ക് ലഭിക്കുന്നതെന്ത് ? 2

3 മുതിർന്നവരെ കാണുമ്പോൾ എന്തു ചെയ്യണം ? 2

4 ആരോട് ദേഷ്യപ്പെടരുത് എന്നാണ് പറയുന്നത് ? 2

5 മറ്റുള്ളവർ നമ്മെ വിലയിരുത്തുന്നതെങ്ങനെ ? 2



Scanned with CamScanner

## ബി - വിഭാഗം / *Section B*

**II** 6

a) **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക**

1 സൗഹൃദം ജീവിത വിജയത്തിന്

2 വിദ്യാർഥികളും വായനാശീലവും

b) സംസ്ഥാനതലത്തിൽ പ്രശ്നോത്തരി മത്സരത്തിൽ പങ്കെടുക്കാനവസരം ലഭിച്ച സുഹൃത്തിനെ അഭിനന്ദിച്ചുകൊണ്ട് കത്ത് തയ്യാറാക്കുക. 6

## സി - വിഭാഗം / *Section C*

**III**

a) **മാതൃക പോലെ പൂരിപ്പിക്കുക** മാതൃക : കണ്ടു കാണുന്നു കാണും

1 വിവരിച്ചു .......................... .............................. 1

2 .......................... .......................... പറക്കും 1

b) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.**

1 കളിയിൽ തോൽക്കാൻ കാരണം ശ്രദ്ധക്കുറവ് കൊണ്ടാണ് 1

2 മനുഷ്യൻ ഒരിക്കലും പരസ്പരം തമ്മിൽ കലഹിക്കരുത്. 1

c) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക**

1 ദൂരെക്കുതിച്ചു 1

2 സൗജന്യമായി 1

3 വെളുത്തുള്ള 1

d) **വിഗ്രഹാർത്ഥം എഴുതുക**

1 പ്രതികാരവഞ്ച 1

2 പൊന്മാൻ 1

3 ജഗന്നാഥൻ 1

e) **പര്യായപദങ്ങൾ എഴുതുക**

1 മുഖം 1

2 സ്ത്രീ 1

3 സീത 1

f) **നാനാർഥപദങ്ങൾ എഴുതുക**

1 പാത്രം 1

2 ആശ 1

3 നൂനം 1



Scanned with CamScanner

IV ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക

a) **വിപരീതപദം എഴുതുക**

1 നന്മ ( ഉണ്മ, തിന്മ, മേന്മ, തന്മ ) ½

2 ഉത്തമം ( അധമം, വിധമം, മദ്ധ്യമം, സധമം) ½

b) **അർഥവ്യത്യാസം എഴുതുക**

1 ദൃശ്യം - സദൃശ്യം ( ദിക്ക്, തുല്യം, കാണാൻ കഴിയുന്നത്, വഴി ) ½

2 കാന്ത - കാന്തി ( ഭർത്താവ്, ഭാര്യ, ശോഭ , കുഴിക്കുക ) ½

c) **എതിർലിംഗപദം എഴുതുക**

1 ജ്യേഷ്ഠൻ ( ജ്യേഷ്ഠത്തി, ചേച്ചി, ചേട്ടത്തി, അനിയത്തി ) ½

2 നായകൻ (നായക, നായിക, നായകി, നായികി ) ½

d) **ശരിയായപദം തെരഞ്ഞെടുത്തെഴുതുക**

1 വിഭലം, വിഫലം, വിപലം, വിബലം ½

2 ദുഷ്ഠൻ, ദുഷ്ട്ൻ, ദുഷട്ൻ, ദുഷ്ടൻ ½

e) **അർത്ഥം എഴുതുക**

1 ഓതുക ( കാണുക, കേൾക്കുക, പറയുക, അനുസരിക്കുക ) ½

2 മാതിരി ( ചോല, പോലെ, വല, അരുവി ) ½

f) **ബഹുവചനം എഴുതുക**

1 മന്ത്രി ( മന്ത്രിമാർ, മന്ത്രികൾ, മന്ത്രികർ ) ½

2 അസ്ത്രം ( അസ്ത്രങ്ങൾ, അസ്ത്ര, ശസ്ത്രങ്ങൾ ) ½

g) **വാക്യത്തിൽ പ്രയോഗിക്കുക**

1 മണ്ണടിയുക 1

2 ചാടിപ്പോവുക 1

h) **ചേരുംപടി ചേർക്കുക**

| | | |
|---|---|---|
| 1 ബാല്യകാലസഖി | - കന്നിക്കൊയ്ത്ത് | ½ |
| 2 വൈലോപ്പിള്ളി | - ലീല | ½ |
| 3 അധ്യാത്മരാമായണം | - വൈക്കം മുഹമ്മദ് ബഷീർ | ½ |
| 4 ആശാൻ | - എഴുത്തച്ഛൻ | ½ |
| | - ജി. ശങ്കരപ്പിള്ള | |

Scanned with CamScanner

## ഡി - വിഭാഗം / Section

**V ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക**

a)

1 ആരുടെ ലോഹപ്രതിമയെയാണ് ധൃതരാഷ്ട്രർ ആലിംഗനം ചെയ്തത് ? ½
( ഭീമൻ, അർജ്ജുനൻ, നകുലൻ )

2 "സ്നേഹിതരേ, ഞാൻ ജീവിതത്തിൽ മടയന്മാരെ കാണുന്നത് ആദ്യമായിട്ടല്ല." - ഇത് ആരുടെ വാക്കുകൾ ? ½
( ഗാന്ധിജി, സ്വാമി വിവേകാനന്ദൻ, ഇംഗ്ലീഷുകാർ )

3 ആരുടെ കിരീടധാരണ ചടങ്ങാണ് ഹസ്തിനപുരിയിൽ നടന്നത് ? ½
( ഗാന്ധാരി, ധൃതരാഷ്ട്രർ, ധർമപുത്രർ )

4 വൈക്കം മുഹമ്മദ് ബഷീർ ജനിച്ചത് ? ½
( കോട്ടയം, കോഴിക്കോട്, മലപ്പുറം )

5 സ്വാമി വിവേകാനന്ദന്റെ യഥാർത്ഥനാമം എന്ത് ? ½
( നരേന്ദ്രനാഥൻ, വിശ്വനാഥൻ, പരമഹംസർ )

b)

1 എത്രയും ചിത്രം ചിത്രം! സീതയെ അത്ഭുതപ്പെടുത്തിയത് എന്ത് ? ½
( സ്വർണ്ണമാൻ, രാവണൻ, രാക്ഷസന്മാർ )

2 വൈലോപ്പിള്ളി ശ്രീധരമേനോന്റെ തൂലികാനാമം എന്ത് ? ½
( ശ്രീ, ഉറൂബ്, എം.ടി )

3 ആശാൻ വീണപൂവ് പ്രസിദ്ധീകരിച്ചത് എന്ന് ? ½
( 1900, 1907, 2000 )

4 എഴുത്തച്ഛൻ തുടക്കം കുറിച്ച സാഹിത്യപ്രസ്ഥാനം ഏത് ? ½
( കിളിപ്പാട്ട് പ്രസ്ഥാനം, ഗാഥാപ്രസ്ഥാനം തുള്ളൽ പ്രസ്ഥാനം )

5 പൊന്മാനായി വേഷം മാറി വന്നത് ആരാണ് ? ½
( മാരീചൻ, രാമൻ, ലക്ഷ്മണൻ )

**VI ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക**

a)

1 വൈലോപ്പിള്ളിക്കവിതകൾ ഏതെല്ലാം വിശേഷണങ്ങളിൽ അറിയപ്പെടുന്നു ? 1

2 'വനഭംഗി ' എന്ന കവിത എഴുതിയത് ആര് ? 1

3 വൈക്കം മുഹമ്മദ് ബഷീർ സാഹിത്യലോകത്ത് ഏത് പേരിലാണ് അറിയപ്പെടുന്നത് ? 1

4 സന്യാസി ഇംഗ്ലീഷിൽ സ്റ്റേഷൻ മാസ്റ്ററോട് ചോദിച്ചതെന്ത് ? 1

5 എഴുത്തച്ഛൻ ജീവിച്ചിരുന്ന കാലഘട്ടം ഏത് ? 1

6 രാമന്റെ അച്ഛനമ്മമാർ ആരെല്ലാം ? 1



Scanned with CamScanner

*VII* **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

*a)*

1 ബഷീറിൻെറ ഏതു കഥയിലും കേൾക്കുന്ന പൊതുതത്വം എന്ത് ? 2

2 'ഇന്നും എന്നും ആ വാക്കുകൾ പ്രകാശിച്ചു നിൽക്കും.' ഏത് വാക്കുകൾ ? 2

3 സ്ത്രീയ്ക്ക് സാധ്യമല്ലാത്തത് എന്ത് ? 2

4 'പൊന്മാൻ' എന്ന കവിതയിലെ സംഭവങ്ങൾ എവിടെയാണ് നടക്കുന്നത്. ആരെല്ലാമാണ് കഥാപാത്രങ്ങൾ ? 2

5 തീവണ്ടിക്കുള്ളിൽ ആംഗലേയ യുവാക്കളുടെ പ്രകടനങ്ങൾ ഏത് രീതിയിലായിരുന്നു ? 2

6 സീതാദേവി വനത്തിൽ ഉല്ലസിച്ചു നടന്നത് എങ്ങനെ ? 2

**VIII** **നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക**

a)

1 രാമൻ പൊന്മാനിനു നേരെ അമ്പയയ്ക്കാൻ കാരണമെന്ത് ? 3

2 എന്തെല്ലാം പറഞ്ഞാണ് ജാനകി ലക്ഷ്മണനെ ഉത്സാഹിപ്പിക്കുന്നത് ? 3

3 ഗാന്ധാരി കിരീടധാരണച്ചടങ്ങിൽ പങ്കെടുക്കാതിരുന്നത് എന്തുകൊണ്ട് ? 3

**വിജയാശംസകൾ**

Scanned with CamScanner